11067
17/5/17

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിലെ നിലവിലെ 7 മാനേജർ തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് 2009 -ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള 24040 – 38840 ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് ജനറൽ മാനേജർ തസ്തികയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (എം.എസ്) നം.08/2017/പി.സ.വി.വ. തീയതി, തിരുവനന്തപുരം, 16.05.2017.

---

പരാമർശം:- 1 സ.ഉ.(എം.എസ്) നം. 22/2014/പി.സ.വി.വ, തീയതി 05.09.2014.

2 കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 16.04.2015, 25.02.2016, 02.06.2016 എന്നീ തീയതികളിലെ 779/ഇ 1/2015/കെ.എസ്.ബി.സി.ഡി.സി നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ തസ്തികകളുടെ പരിഷ്കരണവും, പുനർനാമകരണവും ഉൾപ്പെടുത്തി അംഗീകരിച്ച പുതിയ സ്പെഷ്യൽ റൂളിൽ 14 അസിസ്റ്റന്റ് ജനറൽ മാനേജർ തസ്തികകൾ ഉൾപ്പെടുത്തിയിരുന്നു. ടി തസ്തികകൾ മാനേജരുടെ (ജില്ലാ മാനേജർ) ബൈപ്രൊമോഷൻ തസ്തികയായാണ് കണക്കാക്കിയിരുന്നത്. നിലവിൽ അസിസ്റ്റന്റ് ജനറൽ മാനേജരുടെ തസ്തിക സർക്കാർ അനുവദിച്ചിട്ടില്ലാത്തതിനാൽ പുതിയ സ്പെഷ്യൽ റൂൾ പ്രകാരം നിലവിലുള്ള 14 മാനേജർ (ജില്ലാ മാനേജർ) തസ്തികകളിൽ 7 തസ്തികകൾ 29180-43640 ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് ജനറൽ മാനേജർ തസ്തികകളായി അപ്ഗ്രേഡ് ചെയ്തു നൽകണമെന്നും 16.04.2015 -ലെ പരാമർശ കത്ത് പ്രകാരം മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. നിലവിലുള്ള 14 മാനേജർ തസ്തികകളിൽ, 22360 - 37940 ശമ്പള സ്കെയിലിൽ 7 ജില്ലാ ഓഫീസുകളിൽ സ്ഥിരം ജീവനക്കാർ ജോലി നോക്കി വരുന്നതായും, നിലവിലെ 7 മാനേജർ തസ്തിക അസിസ്റ്റന്റ് ജനറൽ മാനേജർ തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതു മൂലം കോർപ്പറേഷന് ശമ്പള ഇനത്തിൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുകയില്ലെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(.....2)

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിലവിലുള്ള 14 മാനേജർ തസ്തികകളിൽ 7 എണ്ണം ഇല്ലാതായതായി കണക്കാക്കി, പ്രസ്തുത തസ്തികകളിലേയ്ക്ക് യാതൊരു രീതിയിലും ഭാവിയിൽ നിയമനം നടത്താൻ പാടുള്ളതല്ല എന്ന വ്യവസ്ഥയിൽ 7 മാനേജർ തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് 2009 -ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള 24040 – 38840 ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് ജനറൽ മാനേജർ തസ്തികയാക്കി ഉയർത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ഡോ. വേണു. വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്, പാറ്റൂർ, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ് (അനൗ. നം. പി.യു-സി3/103/2015-ധന, തീയതി 14.03.2017 പ്രകാരം)
ഡയറക്ടർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ